**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - ശ്രീ. അരുൺ സേവ്യർ-ന് ഓവർസിയർ ഗ്രേഡ് III ആയി ജോലിയിൽ പ്രവേശിക്കുന്നതിന് സമയപരിധി നീട്ടിക്കൊടുത്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്**

സ.ഉ. (സാധാ) നം. 2700/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 22.10.2018

---

പരാമർശം:-
1. 28.06.2000 ലെ 5966/Adv.C3/2000/P & ARD നം.സർക്കുലർ.
2. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 09.08.2018 ലെ ഇ 3-6400/08/സി.ഇ/തസ്വഭവ നമ്പർ നടപടിക്രമം.
3. ശ്രീ. അരുൺ സേവ്യറിന്റെ 31.08.2018 ലെ അപേക്ഷ.
4. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 01.09.2018 ലെ ഇ 3-6400/08/സി.ഇ/തസ്വഭവ നമ്പർ നടപടിക്രമം.
5. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 14.09.2018 ലെ ഇ 3-6400/08/സി.ഇ/തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖേന തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഓവർസിയർ ഗ്രേഡ് III ആയി തിരഞ്ഞെടുക്കപ്പെട്ടുകയും, തുടർന്ന് സൂചന 2 പ്രകാരം ഇരിഞ്ഞാലക്കുട മുനിസിപ്പാലിറ്റിയിൽ നിയമിക്കപ്പെട്ടുകയും ചെയ്ത ശ്രീ.അരുൺ സേവ്യർ, ടിയാൻ ഇപ്പോൾ 'ഭാരത് പെട്രോളിയം പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി റിഫൈനറി' - യിൽ അപ്രന്റിസ് ട്രെയിനി ആയി പ്രവർത്തിച്ച് വരികയാണ് എന്നതിനാൽ ഒരു വർഷത്തെ അപ്രന്റിസ്ഷിപ്പ് പൂർത്തീകരിക്കുന്നതിനായി, സർവീസിൽ പ്രവേശിക്കുന്നതിന് 12.12.2018 വരെ സമയം നീട്ടി നൽകണമെന്ന് സൂചന 3 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർ അപേക്ഷകന് സൂചന 4 പ്രകാരം 22.09.2018 വരെ, 45 ദിവസത്തെ സമയം നീട്ടി നൽകുകയും, തുടർന്ന് 12.12.2018 വരെ നീട്ടുന്നതിന് സൂചന 5 പ്രകാരം അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖേന ജോലി ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് പരിശീലനം

പൂർത്തിയാക്കുന്നതിലേക്കായി സർവീസിൽ പ്രവേശിക്കുന്നതിന് സമയ ദൈർഘ്യം അനുവദിക്കുന്നത് സംബന്ധിച്ച സൂചന 1 സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരം ശ്രീ.അരുൺ സേവ്യറിന് സർവീസിൽ പ്രവേശിക്കുന്നതിന് 12.12.2018 വരെ ഇളവ് അനുവദിച്ച് ഉത്തരവാകുന്നു. ടിയാൻ 13.12.2018 പൂർവാഹ്നത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ടിയാന്റെ സീനിയോറിറ്റി KS&SSR ഭാഗംII ചട്ടം 27(C) ക്ക് താഴെയുള്ള പ്രോവിസോ 1 പ്രകാരം ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീജിത്ത് വി.പി.**
അണ്ടർ സെക്രട്ടറി

1 ശ്രീ.അരുൺ സേവ്യർ., പുത്തൂർ ഹൗസ്, പുല്ലാനിക്കാട്, വടക്കാഞ്ചേരി, തൃശ്ശൂർ - 680 623 (*തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)
2 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3 അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.